ആർ1-3873/16

നഗരസഭാ കാര്യാലയം
ആന്തൂർ, ധർമ്മശാല.
കെ.യു.സി (പി.ഒ)
തീയ്യതി : 20/02/2021

# ആന്തൂർ നഗരസഭ വസ്തുനികുതി പരിഷ്ക്കരണം കൂട്ടിച്ചേർക്കൽ വരുത്തിയ അന്തിമ വിജ്ഞാപനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 14/01/2011 ലെ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സ.ഉ. (അ) നമ്പർ 17/2011/തസ്വഭവ സ.ഉ.(അ) നമ്പർ 18/2011 തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ആന്തൂർ നഗരസഭ നിലവിൽ വന്ന 01/11/2015 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം വസ്തു നികുതി പരിഷ്കരിക്കുന്നതിന് ആന്തൂർ നഗരസഭാ കൗൺസിൽ 02/05/2018 തീയ്യതിയിലെ 14-ാം നമ്പർ തീരുമാന പ്രകാരം നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും വികസനത്തിന്റെയും, സർക്കാർ അംഗീകരിച്ച മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക മേഖല, ദ്വിതീയ മേഖല, ത്രിതീയ മേഖല, എന്നീ 3 മേഖലകളിലായി തരം തിരിച്ചും നികുതി നിരക്ക് നിശ്ചയിച്ചും, സേവന ഉപനികുതി നിരക്കുകൾ നിശ്ചയിച്ചും, ആക്ഷേപവും , അഭിപ്രായവും ക്ഷണിച്ചു കൊണ്ടും 16/05/2018 ന് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിന് ശേഷം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്. അപ്രകാരം ആന്തൂർ നഗരസഭയിലെ കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിർണ്ണയിച്ച് 09/08/2018 ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി അന്തിമ വിജ്ഞാപനം 08/09/2020 ലെ സ.ഉ.(അ) നമ്പർ 52/2020 തസ്വഭവ ഉത്തരവ് പ്രകാരം കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് ആന്തൂർ നഗരസഭ കൗൺസിൽ 06/11/2020 ലെ 9-ാം നമ്പർ തീരുമാന പ്രകാരവും 18/11/2019 ലെ സ.ഉ.(അ) നമ്പർ 82/2019 തസ്വഭവ ഉത്തരവ് പ്രകാരം കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് ആന്തൂർ നഗരസഭ കൗൺസിൽ 04/06/2020 ലെ 2-ാം നമ്പർ തീരുമാന പ്രകാരവും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01/01/2021 ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് കൂട്ടിച്ചേർക്കൽ വരുത്തിയ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അപ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന് ശേഷം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്. അപ്രകാരം ആന്തൂർ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം കൂട്ടിച്ചേർക്കൽ വരുത്തിയ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

## I അടിസ്ഥാന വസ്തുനികുതി നിരക്ക്.

| ക്രമനമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെ വിവരണം. | നിരക്ക് | പ്രാബല്യത്തിൽ വന്ന തീയ്യതി |
|---|---|---|---|
| 1 | 2.) റസിഡൻഷ്യൽ ഹോം സ്റ്റേ | 25/- രൂപ | 01/10/2020 |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ<br>3) 2006-ലെ മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് (2006-ലെ കേന്ദ്ര ആക്ട് 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 35/- രൂപ | 01/04/2020 |

MUNICIPAL OFFICE ANTHOOR

സെക്രട്ടറി
ആന്തൂർ നഗരസഭ.